LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വൈക്കം നഗരസഭയുടെ പരിധിയിൽ ഒരു തിയേറ്റർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം നൽകാമെന്ന് നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി നഗരസഭ, ചലച്ചിത്ര വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ അവിടങ്ങളിൽ പി.പി.പി. മാതൃകയിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതി കെ.എഫ്.ഡി.സി. സർക്കാരിന് നൽകിയിട്ടുണ്ട്, അത് ലഭിച്ചിട്ടുമുണ്ട്. പ്രസ്തുത പ്രൊപ്പോസൽ മേൽപദ്ധതി നടപ്പാക്കാനാവശ്യമായ അധിക വിവരങ്ങൾ കെ.എഫ്.ഡി.സി. ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കും. പദ്ധതി അംഗീകരിക്കുന്ന മുറയ്ക്ക് തിയേറ്റർ നൽകാൻ തയ്യാറാണ്.

6. പാലം നിർമ്മാണത്തിന് സ്ഥലം

ശ്രീ. റ്റി. യു. കരുവിള: സർ, കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഓടാട്ടുപുഴ-ഇടമലയാർ തുടങ്ങിയ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കയം പാലത്തിന്റെ നിർമ്മാണത്തിന് സർക്കാർ തുക അനുവദിച്ചുവെങ്കിലും വനം വകുപ്പിൽനിന്നും ആറ് സെന്റ് സ്ഥലം വിട്ടുകിട്ടാത്തതുമൂലം ഈ പാലം നിർമ്മാണം നടത്താൻ കഴിയാതിരിക്കുകയാണ്. ഇതിന് അനുവദിച്ച ഫണ്ടിന്റെ കാലാവധി തീരാൻ കുറച്ച് ദിവസങ്ങളേ ബാക്കിയുള്ളൂ. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ ഏക ഗതാഗത സൗകര്യമാണിത്. ഈ പാലം അടിയന്തരമായി നിർമ്മിക്കുന്നതിന് ആദിവാസി കുടികളിൽനിന്നും ഊരുകൂട്ടം തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുള്ളതാണ്. വനം വകുപ്പിൽനിന്നും ഈ പാലം നിർമ്മിക്കുന്നതിന് ആറ് സെന്റ് സ്ഥലം മാത്രം വിട്ടുനൽകേണ്ടതായ തടസ്സമേയുള്ളൂ. പ്രാധാന്യം കണക്കിലെടുത്ത് ആനക്കയം പാലം പണിയുന്നതിന് വനം വകുപ്പിൽനിന്നും ആറ് സെന്റ് സ്ഥലം ലഭ്യമാക്കി അനുവദിക്കപ്പെട്ട ഫണ്ട് ലാപ്സാക്കാതെ ആനക്കയം പാത അടിയന്തരമായി നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആറ് സെന്റ് സ്ഥലത്തിനകത്ത് പരിമിതപ്പെടുത്തുകയാണെങ്കിൽ ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന പോസിറ്റീവായിട്ടുള്ള എല്ലാ നടപടികളുമെടുക്കാം. പക്ഷേ എനിക്ക് റെക്കോർഡിക്കലായി കിട്ടിയത് വ്യത്യസ്തമായ മറുപടിയാണ്. സ്ഥലത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇപ്പോഴും എഞ്ചിനീയേഴ്സ് അവിടെ ഫോർമലായി വനം വകുപ്പിന് ഒരു പ്രൊപ്പോസൽ കൊടുത്തിട്ടില്ല. ആ പ്രൊപ്പോസൽ ആറ് സെന്റ് സ്ഥലത്തായി ലിമിറ്റ് ചെയ്തുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് കൊടുത്താൽ അതിൽ പോസിറ്റീവായ തീരുമാനമെടുക്കാം.